കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ച ഡോക്ടർ എസ്.രവീന്ദ്രൻ ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസർ ഓൺ അദർ ഡ്യൂട്ടി ആയി നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ.) നം. 199/2012/സഹ. തീയതി, തിരുവനന്തപുരം, 26.03.2012.

**ഉത്തരവ്**

സഹകരണ സംഘം രജിസ്ട്രാർ തസ്തികയിൽ നിന്ന് 28.2.2012 ന് വിരമിച്ച ഡോക്ടർ എസ്.രവീന്ദ്രൻ ഐ.എ.എസ്.-നെ ചുവടെ ചേർത്തിരിക്കുന്ന ചുമതല ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിലേക്കായി 50,000/- രൂപ മൊത്ത ശമ്പളത്തിൽ സ്പെഷ്യൽ ഓഫീസർ ഓൺ അദർ ഡ്യൂട്ടി ആയി നിയമിച്ച് ഉത്തരവാകുന്നു.

1. ത്രിതല സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്ക് എന്നിവയിൽ ഏകീകൃത അക്കൗണ്ടിംഗ് സംവിധാനവും, എ.റ്റി.എം., കോർ ബാങ്കിംഗ് എന്നിവ ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും സംയോജിപ്പിക്കുക.
2. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കുടിശ്ശിക കുറയ്ക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചിട്ടുമുള്ള നടപടികളുടെ ഏകോപനം.
3. കേരള സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയുടെ ഭാഗമായി കാർഷിക വായ്പാ മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി "Agency for Promotion of Co-operative Agricultural Credit" എന്ന സ്ഥാപനം Travancore Cochin Literary Scientific and Charitable Societies Act പ്രകാരം രൂപീകരിക്കുന്നതിനും അതിന്റെ തുടർ പ്രവർത്തന നടപടികൾ വിപുലീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
4. സഹകരണ മേഖലയിൽ ഓരോ താലൂക്കിലും പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ ഏകോപിപ്പിക്കുക.
5. "CAPE" (The Cooperative Academy of Professional Education (Kerala) എന്ന സ്ഥാപനത്തിന്റെ പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുക.
6. സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ച പ്രകാരം നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം രജിസ്ട്രാർ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക.
7. കേരളത്തിലെ എല്ലാ പ്രദേശത്തെയും മാലിന്യ സംസ്കരണത്തിനായി സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനും അനുയോജ്യമാണെങ്കിൽ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

8. കേരളത്തിലെ എല്ലാ അപ്പക്സ് സഹകരണ സംഘങ്ങളുടെയും പുനഃസംഘടന സംബന്ധിച്ച് നിർദ്ദേശം സർക്കാരിന് സമർപ്പിക്കുക.

9. കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക.

10. എൻ.സി.ഡി.സി.-യിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിയ്ക്കുക.

11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെയും, ജില്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസുകളുടെയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളുടെയും, ആഡിറ്റ് ഡയറക്ടറുടെയും, ജില്ലാ ജോയിന്റ് ഡയറക്ടർ ആഫീസുകളുടെയും, അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകളുടെയും റീ ഓർഗനൈസേഷൻ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുക.

12. സർക്കാർ ചുമതലപ്പെടുത്തുന്ന മറ്റു നിർദ്ദേശങ്ങൾ.

സ്പെഷ്യൽ ഓഫീസർ ഓൺ അദർ ഡ്യൂട്ടിയുടെ ആസ്ഥാനം കേരള സംസ്ഥാന സഹകരണ ബാങ്ക് തിരുവനന്തപുരം ആണ്. ടിയാന്റെ മൊത്തം ശമ്പളമായ 50,000 രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്നീ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് സംയുക്തമായി വഹിക്കേണ്ടതും ടിയാന്റെ ഔദ്യോഗിക ആവശ്യത്തിനുള്ള വാഹനം സംസ്ഥാന സഹകരണ ബാങ്ക് നൽകുന്നതും ആണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോഃവി.എം.ഗോപാല മേനോൻ,**

സെക്രട്ടറി.

ഡോ.എസ്.രവീന്ദ്രൻ ഐ.എ.എസ്., സഹകരണ സംഘം രജിസ്ട്രാർ (റിട്ട.), ഗോവിന്ദ മന്ദിരം, റസ്സൽപുരം പി.ഒ., ബാലരാമപുരം.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സഹകരണ ബാങ്ക്, കോ-ബാങ്ക് ടവർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, ഗാന്ധി നഗർ, കൊച്ചി-20.

മാനേജിംഗ് ഡയരക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ, കോ-ബാങ്ക് ടവർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ (ബി, സി. പി.എസ്.) വകുപ്പ്.